"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - അച്ചടക്ക നടപടി - മാനന്തവാടി സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ കോൺട്രാക്ടർമാരിൽ നിന്ന് കൈക്കൂലി വാങ്ങുന്നുണ്ടെന്ന പരാതിയിന്മേലുള്ള വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധന റിപ്പോർട്ട് - ശ്രീ.അനുരേഷ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.1/2022/വനം തീയതി,തിരുവനന്തപുരം, 01/01/2022

---

പരാമർശം:- 1 . വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 23.10.2021-ലെ ഇ23(എസ്.സി.6/2021/എസ്.സി.കെ.) 19655/2021 നമ്പർ കത്ത്.

2 . കോഴിക്കോട് വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ സ്പെഷ്യൽ സെല്ലിന്റെ 26.08.2021-ലെ എസ്.സി. 06/2021/എസ്.സി.കെ. നമ്പർ മിന്നൽ പരിശോധനാ റിപ്പോർട്ട്.

**ഉത്തരവ്**

മാനന്തവാടി സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയ ശ്രീ.അനുരേഷ് സോഷ്യൽ ഫോറസ്ട്രി നഴ്സറി കോൺട്രാക്ടർമാരിൽ നിന്നും ഓരോ ആഴ്ചയിലും ലഭിക്കുന്ന കൈക്കൂലി പണവുമായി വെള്ളിയാഴ്ചകളിൽ തന്റെ കാറിൽ കണ്ണൂർ ജില്ലയിലെ മമ്പറത്തുള്ള തന്റെ വീട്ടിലേക്ക് മാനന്തവാടി കൊട്ടിയൂർ റോഡിലൂടെ പോകാറുണ്ടെന്നുള്ള രഹസ്യ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തുകയും ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തു.

1) മാനന്തവാടി സോഷ്യൽ ഫോറസ്ട്രി റെയിഞ്ചിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ അനുരേഷ് എന്നയാളുടെ കാർ പരിശോധിച്ചതിൽ ടിയാന്റെ കാറിന്റെ ഡാഷ് ബോർഡിൽ കൈക്കൂലിപ്പണമാണെന്ന് ഉത്തമബോധ്യമുള്ള രണ്ടുലക്ഷത്തി അമ്പതിനായിരം രൂപ സൂക്ഷിച്ചതായി കാണപ്പെട്ടു.

2) സോഷ്യൽ ഫോറസ്ട്രി കോൺട്രാക്ടറുടെ ബ്ലാങ്ക് ലെറ്റർ പാഡ് പേജുകൾ ഉൾപ്പെടെ പ്രൈവറ്റ് നഴ്സറി കോൺട്രാക്ടർമാരുമായി ബന്ധപ്പെട്ട നിരവധി രേഖകൾ സ്വന്തം നാട്ടിലേക്ക് പോകുകയായിരുന്ന റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ സ്വകാര്യ വാഹനത്തിൽ

കൈവശം കാണപ്പെട്ടു.

3) സോഷ്യൽ ഫോറസ്ട്രി കൽപ്പറ്റ റെയിഞ്ചിൽ റെയിഞ്ച് ഓഫീസിൽ സൂക്ഷിക്കേണ്ട ഓഫീസ് സീൽ മാനന്തവാടി സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ അനുരേഷ് ടിയാന്റെ സ്വദേശത്തേക്ക് പോകുമ്പോൾ കൈവശം വെച്ചതായി കാണപ്പെട്ടു.

4) റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കാറിന്റെ ഡിക്കിയിൽ സൂക്ഷിച്ചതായി കാണപ്പെട്ട ആയിരം തേക്കിൻ സ്റ്റംപുകൾക്ക് രസീത് ഉണ്ടെങ്കിലും കൃത്യമായ വിലാസം ഇല്ലാത്ത ഒരു വ്യാജ പേരിൽ കാണപ്പെട്ടു.

ദുരൂഹസാഹചര്യത്തിൽ കൈക്കൂലിപ്പണം കുറ്റാരോപിതനായ മാനന്തവാടി സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.അനുരേഷിൽ (PEN-670741) നിന്നും കണ്ടെത്തിയ സാഹചര്യത്തിൽ പ്രാഥമികാന്വേഷണം നടത്തുന്നതിന് അഴിമതി നിരോധന നിയമത്തിലെ സെക്ഷൻ 17 (A) പ്രകാരം സർക്കാർ അനുമതി ആവശ്യമില്ലാത്തതിനാൽ പ്രസ്തുത വിഷയത്തിന്മേൽ ഒരു പ്രാഥമികാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയുടെ സ്പെഷ്യൽ സെൽ കോഴിക്കോട് യൂണിറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും, കുറ്റാരോപിതനായ ശ്രീ.അനുരേഷ് (PEN-670741) സർവ്വീസിൽ തുടരുന്നത് അന്വേഷണത്തെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുള്ളതിനാൽ ടിയാനെ അടിയന്തിരമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യണമെന്നും, പരാമർശം (1) പ്രകാരം വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ മാനന്തവാടി സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.അനുരേഷിനെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 10(1) (a) പ്രകാരം അച്ചടക്ക നടപടിയ്ക്ക് വിധേയമായി ഉടനടി പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീ.അനുരേഷ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് ചട്ടപ്രകാരമുള്ള ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Rajesh Kumar Sinha
പ്രിൻസിപ്പൽ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.അനുരേഷ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന )

ഡയറക്ടർ, വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ

വിജിലൻസ് വകുപ്പ് ( ഇ4/248/2021/വിജിലൻസ്)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

✓പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shaji A M
Date: 03-01-2022 10:31:26
Reason: Approved

സെക്ഷൻ ഓഫീസർ